## എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ

അനഘ സുരേന്ദ്രൻ, ആൻസി തോമസ്, സ്വാതി കൃഷ്ണ, പി.ഹർഷ, ദേവപ്രിയ ഹരികുമാർ, അഞ്ജിത നമ്പ്യാർ, അഞ്ജിത ഷാജി, ആര്യ മനോജ്, അശ്വതി മോഹൻ, എം.എം ബ്രൈറ്റ്, ജുനീഷ ബാബു, പാർവ്വതി ആർ. നായർ, കെ.എം.ശീതൾ, ജോർജ് ജോസഫ്, കെ.യദുകൃഷ്ണൻ
(എല്ലാവരും ആലക്കോട് എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ)

കൃഷ്ണലാൽ, പി.അഞ്ജു, മാർട്ടിൻ ജോർജ്, അശ്വതി സുരേഷ്, സി.എസ്.അക്ഷര, എം.ബി.അതുല്യ, സീതാലക്ഷ്മി, പി.എസ്.സജിത്ത് (എല്ലാവരും മണക്കടവ് ശ്രീപുരം ഹയർ സെക്കന്ററി സ്കൂൾ)

### കഥ വരുന്ന വഴി പറഞ്ഞ് 'കഥയോരം' ക്യാമ്പ് ആലക്കോടിന് വേറിട്ട അനുഭവമായി

# കഥാകാരൻമാർക്ക് സമൂഹത്തെ മാറ്റിമറിക്കാൻ ശക്തിയുണ്ടെന്ന് അംബികാസുതൻ മാങ്ങാട്

*ആകാശവാണി കണ്ണൂർ നിലയവും സർഗവേദിയും ചേർന്ന് ആലക്കോട് സംഘടിപ്പിച്ച കഥയോരം ശിൽപ്പശാല ഡോ. അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്യുന്നു.*

ആലക്കോട്: യുവ ചെറുകഥാകൃത്തുക്കളുടെ സർഗ്ഗശേഷി വളർത്തിയെടുക്കുന്നതിനായി ആകാശവാണി കണ്ണൂർ നിലയം യുവവാണി പ്രക്ഷേപണ വിഭാഗം ആഭിമുഖ്യത്തിൽ ആലക്കോട് സർഗ്ഗവേദി റീഡേഴ്സ് ഫോറം സഹകരണത്തോടെ സംഘടിപ്പിച്ച കഥയോരം 2018 ദ്വിദിന ചെറുകഥാ ശിൽപ്പശാല പ്രമേയം കൊണ്ടും സംഘാടന മികവും കൊണ്ടും ആലക്കോടിന് വേറിട്ട അനുഭവമായി. പ്രശസ്തരായ എഴുത്തുകാർ നയിച്ച ക്യാമ്പ് യുവകഥാകൃത്തുക്കൾക്ക് എഴുത്തിന്റെ ലോകത്ത് പുതിയ അനുഭവങ്ങൾ സമ്മാനിച്ചാണ് സമാപിച്ചത്. കഥകൾ വരുന്ന വഴികൾ പറഞ്ഞു നൽകി എങ്ങനെയൊരു മികച്ച ചെറുകഥാകൃത്തായി മാറാമെന്നും പഠിപ്പിച്ച് നടന്ന ശിൽപ്പശാലയിൽ കണ്ണൂർ, കാസർക്കോട്, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള 45 യുവ കഥാകൃത്തുക്കൾ പങ്കെടുത്തു. പ്രശസ്ത സാഹിത്യകാരൻ ഡോ. അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്തു. കഥാകാരൻമാർക്ക് സമൂഹത്തെ മാറ്റിമറിക്കാനും ചികിത്സിക്കാനുമുള്ള ശക്തിയുണ്ടെന്ന് അദേഹം പറഞ്ഞു. ചുറ്റും കാണുന്ന കാഴ്ചകളും അനുഭവങ്ങളുമാണ് ഒരാളെ എഴുത്തുകാരനാക്കി മാറ്റുന്നതെന്ന് അദേഹം പറഞ്ഞു. എ.ആർ. പ്രദീപ് അധ്യക്ഷത വഹിച്ചു. ക്യാമ്പ് ഡയറക്ടർ ആകാശവാണി കണ്ണൂർ നിലയം മേധാവി പി.വി. പ്രശാന്ത് കുമാർ, എ.ആർ. പ്രസാദ് മാസ്റ്റർ, കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ, ബെന്നി കുറ്റിവേലിൽ, ടോമി ജോസഫ് പ്രസംഗിച്ചു. ഡോ. അംബികാസുതൻ മാങ്ങാടുമായി കഥാസംവാദം നടന്നു. സി.ജെ. ഔസേപ്പ് മാസ്റ്റർ സ്വാഗതവും അഡ്വ. ജിജി കുന്നേമുറി നന്ദിയും പറഞ്ഞു. പുതിയ കാലം പുതിയ കഥ എന്ന വിഷയത്തിൽ എ.വി. പവിത്രനും മലയാള കഥയെ കുറിച്ച് രമേശൻ ബ്ലാത്തൂറും, ദേശം കഥയിൽ എന്ന വിഷയത്തിൽ വിനോയി തോമസും, ഉത്തരാധുനികത കഥയിൽ എന്നതിനെ കുറിച്ച് എം.വി. ഷാജിയും എഴുത്തുകാരന്റെ മുറി എന്ന വിഷയത്തിൽ വി. എച്ച്. നിഷാദും, കഥയുടെ വഴികളെ കുറിച്ച് ടി. പി. വേണുഗോപാലും, ക്ലാസുകൾ നയിച്ചു. ക്യാമ്പ് അംഗങ്ങളുടെ കഥാചർച്ച, ഗ്രൂപ്പ് അവതരണം, അവലോകനം നടന്നു. പി.വി. പ്രശാന്തകുമാർ സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു. ഇത്രയധികം യുവ കഥാകൃത്തുക്കൾ പങ്കെടുത്ത ചെറുകഥാ ശിൽപ്പശാല ആലക്കോട് ആദ്യമായാണ് നടന്നത്. 25 പേർക്കാണ് നേരത്തെ പ്രവേശനം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇതിന്റെ ഇരട്ടിയോളം പേർ പങ്കെടുക്കാനെത്തിയതോടെ സംഘാടകർ ഇവരെയും ശിൽപ്പശാലയിൽ ഉൾപ്പെടുത്തുകയായിരുന്നു.

## തളിപ്പറമ്പിൽ ലീഗ് ഒരുകോടി രൂപയുടെ റിലീഫ് നടത്തും

തളിപ്പറമ്പ: മുസ്ലിംലീഗ് തളിപ്പറമ്പ നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിൽ ഒരു കോടി രൂപയുടെ റിലീഫ് പ്രവർത്തനം നടത്തുവാൻ പ്രസിഡണ്ട് സി.പി.വി. അബ്ദുള്ളയുടെ അധ്യക്ഷതയിൽ ചേർന്ന നേതൃയോഗം തീരുമാനിച്ചു. സി.എച്ച് സെന്റർ കുപ്പണ്ണ, കാരുണ്യ സംഗമവും വിജയിപ്പിക്കാൻ തീരുമാനിച്ചു. ജനറൽ സെക്രട്ടറി പി. മുഹമ്മദ് ഇഖ്ബാൽ, ട്രഷറർ ഒ.പി. ഇബ്രാഹിംകുട്ടി മാസ്റ്റർ, കെ. വി. അബൂബക്കർ, പി.എ. അബൂബക്കർ മൗലവി, കൊടിയിൽ സലീം, സമദ് കടമ്പേരി, എ. അബ്ദുൽ ഖാദർ മൗലവി, ഹാഷിം ഇളമ്പയിൽ, സി. മൊയ്തീൻ, അഷ്റഫ് കൊട്ടോല, ടി.വി. അസൈനാർ മാസ്റ്റർ, സി. മുഹമ്മദ് സിറാജ്, എം.കെ. കുഞ്ഞഹമ്മദ്, കെ.കെ. അബ്ദുറഹിമാൻ മാസ്റ്റർ, അലി മംഗര, പി.എ. ഇർഫാൻ സംസാരിച്ചു.

## എസ്.ടി.യു: ആലിക്കുഞ്ഞി പന്നിയൂർ സെക്രട്ടറി ഉമ്മർ ട്രഷറർ



**കെ.പി. മൂസഹാജി, ആലിക്കുഞ്ഞി പന്നിയൂർ, സി. ഉമ്മർ**

കണ്ണൂർ: സംസ്ഥാന എസ്.ടി.യുവിന്റെ പുതിയ മെമ്പർഷിപ്പ് അടിസ്ഥാനത്തിലുള്ള 21 അംഗം കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് രൂപീകരിച്ചു. കൗൺസിൽ യോഗം സംസ്ഥാന പ്രസിഡണ്ട് അഹമ്മദ്കുട്ടി ഉണ്ണികുളം ഉദ്ഘാടനം ചെയ്തു. ദേശീയ ജനറൽ സെക്രട്ടറി അഡ്വ. എം. റഹ്മത്തുള്ള, വി.പി. വമ്പൻ, എം.എ. കരീം സംസാരിച്ചു. അഡ്വ. പി.എം. ഹനീഫ തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു. കെ.പി. മൂസഹാജി കൂത്തുപറമ്പ് (പ്രസിഡണ്ട്), ആലിക്കുഞ്ഞി പന്നിയൂർ തളിപ്പറമ്പ (ജനറൽ സെക്രട്ടറി), സി. ഉമ്മർ തളിപ്പറമ്പ (ട്രഷറർ) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. അഡ്വ. പി. മഹമൂദ് അധ്യക്ഷത വഹിച്ചു. ആലിക്കുഞ്ഞി പന്നിയൂർ സ്വാഗതവും കെ.പി. മൂസഹാജി നന്ദിയും പറഞ്ഞു.

## മയ്യിൽ ഹയർസെക്കണ്ടറി സ്കൂളിന് നാടിന്റെ ആദരം 19ന്

മയ്യിൽ: എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി നൂറ് ശതമാനം വിജയം കൈവരിച്ച സർക്കാർ വിദ്യാലയമായ മയ്യിൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിനെ നാട് ആദരിക്കുന്നു. 80 എ പ്ലസുകളോടെ 589 പേർ നേടിയ നൂറുമേനി വിജയത്തിന്റെ പശ്ചാത്തലത്തിലാണ് അധ്യാപകരെയും വിദ്യാർത്ഥികളെയും ആദരിക്കുന്നത്. തായംപൊയിൽ സഫ്ദർ ഹാശ്മി ഗ്രന്ഥാലയം നേതൃത്വത്തിൽ ഗ്രന്ഥാലയം പരിസരത്ത് 19ന് രാവിലെ പത്തിനാണ് പരിപാടി. 'എന്റെ വിദ്യാലയം, എന്റെ അഭിമാനം' എന്ന പേരിൽ നടക്കുന്ന ആദരസമ്മേളനം പൂർവ്വ വിദ്യാർത്ഥിയായ പി.കെ. ശ്രീമതി എം. പി. ഉദ്ഘാടനം ചെയ്യും. കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലർ ഗോപിനാഥ് രവീന്ദ്രൻ മുഖ്യാതിഥിയാകും.

*തോട്ടീക്കൽ ശാഖ എസ്.കെ.എസ്.എസ്.എഫ് കരിയർ ഗൈഡൻസ് മീറ്റ് എം. അബ്ദുറഹ്മാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.*

## കരിയർ ഗൈഡൻസ് മീറ്റ്

തളിപ്പറമ്പ: തോട്ടീക്കൽ ശാഖ എസ്.കെ.എസ്.എസ്.എഫിന്റെ ആഭിമുഖ്യത്തിൽ സ്റ്റെപ്പ് കരിയർ ഗൈഡൻസ് മീറ്റ് നടത്തി. ഹാശിം ദാരിമി അധ്യക്ഷത വഹിച്ചു. എം. അബ്ദുറസാഖ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. റബീഹ് ഹൈത്തമി നേതൃത്വം നൽകി. യു. എം. ഉനൈസ് സ്വാഗതവും പി.എം. യാസിർ നന്ദിയും പറഞ്ഞു.

## കുട്ടികൾക്ക് അറിവും അനുഭവവുമായി ജാഗ്രതോത്സവം

പയ്യാവൂർ: വേനൽ അവധിയിൽ കുട്ടികൾക്ക് മാലിന്യ പരിപാലനം, ആരോഗ്യ ജാഗ്രത എന്നിവയിൽ അറിവ് പകരുന്നതിനായി സർക്കാരും പഞ്ചായത്തും മറ്റ് ഏജൻസികളും സംയുക്തമായി നടപ്പിലാക്കുന്ന ജാഗ്രതോത്സവം കുട്ടികൾക്ക് വേറിട്ട അനുഭവമായി. പഞ്ചായത്ത് ഹാളിൽ നടന്ന പയ്യാവൂർ വാർഡ് ജാഗ്രതോത്സവം വൈസ് പ്രസിഡണ്ട് ടി.പി. അഷ്റഫ് ഉദ്ഘാടനം ചെയ്തു. എ. ഡി.എസ്. പ്രസിഡണ്ട് രാധിക പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു. ബിന്ദു ശിവദാസൻ, ജെ.പി.എച്ച്.എൻ. പുഷ്പ, കെ.വി. ശാന്ത, സെലിൻ ജോൺ, എലിസബത്ത് പറപ്പള്ളിൽ നേതൃത്വം നൽകി. കുട്ടികൾക്ക് ആരോഗ്യ ശുചിത്വ ക്ലാസുകൾ നൽകി. കുട്ടികളുടെ നേതൃത്വത്തിൽ ടൗണിലെ വ്യാപാര സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും പരിസരത്തെ വീടുകളിലും ശുചിത്വ പരിശോധനയും ബോധവൽക്കരണവും നടത്തി.

*നവീകരിച്ച എ.കെ.ജി സ്മാരക വായനശാല കെട്ടിടം ബിജു കണ്ടക്കൈ ഉദ്ഘാടനം ചെയ്യുന്നു.*

## കുറ്റിയടിക്കൽ 20ന്

കണ്ണപുരം: കണ്ണപുരം പുഞ്ചവയൽ കൊണിയിൽ ഭഗവതി ക്ഷേത്രം തായ്പരദേവത, പുതിയഭഗവതി, പൊട്ടൻദൈവം എന്നീ ക്ഷേത്രങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കുറ്റിയടിക്കൽ കർമ്മം 20ന് രാവിലെ 6.08നും 7.50നും മദ്ധ്യേ നടക്കും. അന്ന് രാവിലെ പത്ത് മണിക്ക് ഇടച്ചേരിയൻ തറവാട് കുടുംബാംഗങ്ങളുടെ ജനറൽ ബോഡിയോഗവും ചേരും.



*ഫൈറ്റേഴ്സ് സ്പോർട്ടിംങ്ങ് പുളിമ്പറമ്പയുടെ നേതൃത്വത്തിൽ നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പ് നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം നിർവഹിക്കുന്നു.*

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തളിപ്പറമ്പ: ഫൈറ്റേഴ്സ് സ്പോർട്ടിംങ്ങ് പുളിമ്പറമ്പയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് പ്രസിഡണ്ട് മുത്തലിബിന്റെ അധ്യക്ഷതയിൽ നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം നിർവഹിച്ചു. ക്ലബ് സെക്രട്ടറി കെ. സാജിദ് സ്വാഗതവും റിജ്നാസ് നന്ദിയും പറഞ്ഞു. വാർഡ് കൗൺസിലർ പി. കുഞ്ഞിരാമൻ ക്ലബ് അംഗങ്ങളായ യാസീർ, സി. സിനാൻ, ശിഹാബ്, മൻസൂർ, കെ.എ. സിനാർ, ഷനീർ, ഇർഷാദ്, സി. ആസിഫ് സംസാരിച്ചു.



*പട്ടുവം കൃഷിഭവനിൽ അനുവദിച്ച സസ്യാരോഗ്യ ക്ലിനിക്കിന്റെ ഉദ്ഘാടനം ടി.വി. രാജേഷ് എം.എൽ.എ നിർവഹിക്കുന്നു.*

## സസ്യാരോഗ്യ ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു

പട്ടുവം: കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിലൂടെ പട്ടുവം കൃഷിഭവന് അനുവദിച്ച സസ്യാരോഗ്യ ക്ലിനിക്കിന്റെ പ്രവർത്തനോദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ആനക്കീൽ ചന്ദ്രന്റെ അധ്യക്ഷതയിൽ കല്യാശേരി എം.എൽ.എ ടി.വി. രാജേഷ് നിർവഹിച്ചു. പട്ടുവം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി. ഷീജ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ വി.വി. ചന്ദ്രൻ, സി.എം. ലളിത, വി. ഷീമ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി. ബാലൻ, ടി.വി. ഗോപാലകൃഷ്ണൻ സംസാരിച്ചു. കൃഷി ഓഫീസർ കെ. പ്രീത സ്വാഗതവും കെ. രാജൻ നന്ദിയും പറഞ്ഞു.

## മയ്യിൽ എ.കെ.ജി സ്മാരക വായനശാല കെട്ടിടോദ്ഘാടനം

മയ്യിൽ: എ.കെ.ജി. സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയത്തിന്റെ നവീകരിച്ച കെട്ടിടത്തിന്റെയും ഇ.പി. കുഞ്ഞിരാമൻ സ്മാരക ഹാളിന്റെയും ഉദ്ഘാടനവും റെഡ്സ്റ്റാർ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ 32-ാം വാർഷികാഘോഷവും സി.പി.എം മയ്യിൽ ഏരിയാ സെക്രട്ടറി ബിജു കണ്ടക്കൈ ഉദ്ഘാടനം ചെയ്തു. നവീകരിച്ച ലൈബ്രറി ഹാൾ പി.കെ. ബൈജു ഉദ്ഘാടനം ചെയ്തു. ഇ.പി. കുഞ്ഞിരാമൻ സ്മാരക ഹാൾ ഉദ്ഘാടനവും ഫോട്ടോ അനാച്ഛാദനവും കെ.വി. പവിത്രൻ നിർവഹിച്ചു. ഒ.കെ. ചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. കെ.എം. വാസുദേവൻ അധ്യക്ഷനായി. കെ. അനിൽകുമാർ, സി. സത്യൻ, ഇ.പി. ജയരാജൻ, കെ.വി പത്മജ, പി.വി. അഖിൽരാജ്, കെ.വി. പത്മനാഭൻ സംസാരിച്ചു. ഒ.വി. രാജൻ സ്വാഗതവും കെ.വി. ആദർശ് നന്ദിയും പറഞ്ഞു. ചടങ്ങിൽ എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്ക് അനുമോദനം നൽകി.

## താലൂക്ക് ഓഫീസ് മാർച്ച് നാളെ

തളിപ്പറമ്പ: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുക, ലൈഫ് ഭവന പദ്ധതിയിലെ അപാകത പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നാളെ രാവിലെ പത്ത് മണിക്ക് തളിപ്പറമ്പ് താലൂക്ക് ഓഫീസിന് മുന്നിൽ ധർണ്ണ നടത്താൻ ബി. കെ.എം.യു. മണ്ഡലം കമ്മിറ്റി യോഗം തീരുമാനിച്ചു. എം. രഘുനാഥ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.വി. ബാബു, പി.പി. ഉണ്ണികൃഷ്ണൻ സംസാരിച്ചു. പി.വി. ബാബു സ്വാഗതം പറഞ്ഞു.

## ഓട്ടോ ഡ്രൈവർ മാതൃകയായി

തളിപ്പറമ്പ: ഓട്ടോയിൽ കളഞ്ഞുകിട്ടിയ സ്വർണ്ണവും പണവും തിരിച്ചേൽപ്പിച്ച് ഓട്ടോ ഡ്രൈവർ മാതൃകയായി. പാത്തൻപാറ സ്വദേശി അന്നമ്മ പുഷ്പഗിരി ദർശനയിൽ ധ്യാനത്തിന് വന്നതായിരുന്നു. ടൗണിൽ നിന്ന് ഓട്ടോ വിളിച്ച് പുഷ്പഗിരിയിൽ എത്തിയപ്പോഴാണ് സ്വർണ്ണവും പണവും നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടത്. ഇത് ലഭിച്ച ഓട്ടോ ഡ്രൈവർ മാവിച്ചേരിയിലെ കണ്ടച്ചി മുസ്തഫ ഉടനെ പുഷ്പഗിരി ദർശനയിൽ എത്തി ഉടമക്ക് കൈമാറി.

## ഉപരിപഠനത്തിലെ ചതിക്കുഴികൾ: സെമിനാർ നാളെ

ആലക്കോട്: ഉപരിപഠനത്തിലെ ചതിക്കുഴികൾ എന്ന വിഷയത്തിൽ നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ സെമിനാർ നാളെ വൈകുന്നേരം മൂന്ന് മണിക്ക് കരുവഞ്ചാൽ ഒ.എൻ.വി. ഹാളിൽ നടക്കും. പ്രദീപൻ മാലോത്ത് ക്ലാസ് നയിക്കും.

## കോയിപ്ര മുനീറുൽ ഇസ്ലാം മദ്രസക്ക് കുറ്റിയടിച്ചു

കോയിപ്ര: കോയിപ്ര മുനീറുൽ ഇസ്ലാം ഹയർസെക്കണ്ടറി മദ്രസയുടെ കുറ്റിയടിക്കൽ കർമ്മം സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് പ്രസിഡണ്ട് പി.കെ.പി. അബ്ദുൾസലാം മുസ്ല്യാർ നിർവഹിച്ചു. ജമാഅത്ത് പ്രസിഡണ്ട് ഇഖ്ബാൽ കോയിപ്ര അധ്യക്ഷത വഹിച്ചു. ഖത്തീബ് നൂറുദീൻ ദാരിമി, എസ്.കെ. ഹംസഹാജി, കെ.പി. അബ്ദുൾറഹ്മാൻ മൗലവി, ഹാരിസ് ദാരിമി, ടി.പി. മഹമൂദ് ഹാജി, പി.കെ. അബ്ദുൾ ഖാദർ മൗലവി, കെ.സി. മൊയ്തുമൗലവി, സകരിയ ദാരിമി സംബന്ധിച്ചു. ജനറൽ സെക്രട്ടറി എം. മുർഷിദ് സ്വാഗതവും സെക്രട്ടറി എസ്. മുസ്തഫ നന്ദിയും പറഞ്ഞു.

## കേശവാനന്ദഭാരതി സ്വാമിജികൾക്ക് വരവേൽപ്പും ആദരവും നാളെ

തളിപ്പറമ്പ: ഇടനീർ മഠാധിപതി കേശവാനന്ദ ഭാരതി സ്വാമിജികൾക്ക് വരദൂർ ലക്ഷ്മി നാരായണ ക്ഷേത്രം നൽകുന്ന വരവേൽപ്പും ആദരവും നാളെ വൈകുന്നേരം അഞ്ച് മണിക്ക് നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ചടങ്ങിൽ തിടമ്പ് നൃത്ത കലയിലെ കുലപതി ധനഞ്ജയ ഭട്ടിനെയും ആദരിക്കും. വൈകീട്ട് മൂന്ന് മണിക്ക് പെരികമന ശ്രീധരൻ നമ്പൂതിരിപ്പാട്, ക്ഷേത്രം തന്ത്രി ഇ.പി. ഹരിജയന്തൻ നമ്പൂതിരിപ്പാട്, മേൽശാന്തി ബാബു നമ്പൂതിരി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭാഗവതാമൃതസൽസംഗം. വൈകീട്ട് അഞ്ചിന് കേശവാനന്ദ ഭാരത സ്വാമിജിക്ക് പൂർണ്ണ കുംഭത്തോടും താലപ്പൊലി ഘോഷയാത്രയോടുംകൂടി വരവേൽപ്പ് നൽകും. തുടർന്ന് സ്വാമിജിയുടെ അനുഗ്രഹ പ്രഭാഷണവും ധനഞ്ജയ ഭട്ടിന് വരദൂരപ്പൻ ഭജന സമിതിയുടെ ആദരവ് സമർപ്പിക്കൽ ചടങ്ങും രാത്രി എട്ടിന് നൃത്തനൃത്യങ്ങളും തിരുവാതിരയും നടക്കും.

വാർത്താ സമ്മേളനത്തിൽ എ.ജയരാജ്, എ. സ്രിജേഷ്, വി. രാധാകൃഷ്ണൻ, പി.വി. സുനിൽകുമാർ, കെ.പി. പ്രഭാകരൻ എന്നിവർ പങ്കെടുത്തു.

*കരുവഞ്ചാലിലെ വൈദ്യുതി മുടക്കത്തിനെതിരെ വ്യാപാരികൾ ആലക്കോട് കെ.എസ്.ഇ.ബി. ഓഫീസിൽ പ്രതിഷേധിക്കുന്നു.*

## വൈദ്യുതി മുടക്കം; കെ.എസ്.ഇ.ബി ഓഫീസിൽ വ്യാപാരികളുടെ പ്രതിഷേധം

ആലക്കോട്: വ്യാപാര-വാണിജ്യ മേഖലകളെ തകർക്കുന്ന വിധത്തിലുള്ള വൈദ്യുതി മുടക്കത്തിനെതിരെ കെ.എസ്.ഇ.ബി ആലക്കോട് സെക്ഷൻ ഓഫീസിൽ വ്യാപാരികളുടെ പ്രതിഷേധം. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിലാണ് ഇന്നലെ ഉച്ചയോടെ വ്യാപാരികൾ അരങ്ങത്തെ വൈദ്യുതി ഓഫീസിലെത്തി പ്രതിഷേധിച്ചത്. ദിവസങ്ങളായി തുടരുന്ന വൈദ്യുതി മുടക്കം കരുവഞ്ചാൽ ടൗണിന്റെ വ്യാപാര മേഖലയെ താറുമാറാക്കിയിരിക്കുകയാണെന്ന് വ്യാപാരികൾ പറഞ്ഞു.

കരുവഞ്ചാൽ ടൗണിലും പരിസരങ്ങളിലും വൈദ്യുതി മുടക്കം തുടർക്കഥയായി മാറിയത് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും അതിവേദനാജനകങ്ങളാണ് സൃഷ്ടിക്കുന്നതെന്ന് ഇവർ ചൂണ്ടിക്കാട്ടി. വൈദ്യുതി മുടക്കം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് അസി. എഞ്ചിനീയർ ഉറപ്പ് നൽകിയതിനെ തുടർന്നാണ് വ്യാപാരികൾ പിരിഞ്ഞുപോയത്.

ജയിംസ് പുത്തൻപുര, ടോമി ജോസഫ്, പി.എസ്. അബ്ദുൾ മജീദ്, റോയി പുളിക്കൽ, ജോർജ് പുല്ലാട്ട്, സി. കെ. അബ്ദു, ഒ.ജി. സുനിൽകുമാർ, അബ്ദുൾ റഷീദ്, അരുൺലാൽ പ്രതിഷേധത്തിന് നേതൃത്വം നൽകി.


**നായ്ക്കുട്ടികൾ വിൽപ്പനക്ക്**

ജർമ്മൻ ഷെപ്പേർഡ് ഇനത്തിൽപ്പെട്ട നായ്ക്കുട്ടികൾ വിൽപനക്ക്. ബന്ധപ്പെടുക.

9847992605

**ഇന്റിമേറ്റ് ഹോം നേഴ്സിംഗ് സർവ്വീസസ്, ആലക്കോട്**

പരിചയ സമ്പന്നരായ ജോലിക്കാരെ ആവശ്യമുള്ളവരും, ജോലി ആവശ്യമുള്ളവരും ബന്ധപ്പെടുക

8547693335

**അക്കൗണ്ടന്റുമാരെ ആവശ്യമുണ്ട്**

തളിപ്പറമ്പിലുള്ള പ്രമുഖ അക്കൗണ്ടിംഗ് സ്ഥാപനത്തിലേക്ക് പരിചയസമ്പന്നരായ അക്കൗണ്ടന്റിനെ ആവശ്യമുണ്ട്. (Male/Female) BCom+Computer knowledge ഉള്ളവർക്കും തളിപ്പറമ്പ് പരിസരപ്രദേശങ്ങളിലുള്ളവർക്കും മുൻഗണന.

9895256650